# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6856 10/07/2014 ൽ മറുപടിയ്ക്ക്

## കൊയിലാണ്ടി മണ്ഡലത്തിലെ ജലവിതരണം

ചോദ്യം
ശ്രീ.കെ.ദാസൻ

മറുപടി
ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) ജലവിഭവ വകുപ്പിന് കീഴിൽ നിർമ്മിച്ചതും പരിപാലിക്കപ്പെടുന്നതുമായ എത്ര ജലവിതരണ സംവിധാനങ്ങളും എത്ര കിണറുകളും കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഉണ്ട് എന്ന് വ്യക്തമാക്കാമോ ; അവ എവിടെയെല്ലാമാണ് എന്ന് വിശദമാക്കാമോ ; | (എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ 14 ശുദ്ധജലവിതരണ പദ്ധതികളും 20 കിണറുകളും കേരളവാട്ടർ അതോറിറ്റിയുടെ കീഴിലുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>കൊയിലാണ്ടി മുനിസിപ്പാലിറ്റിയിൽ<br>1. കൊല്ലം ശുദ്ധജലവിതരണ പദ്ധതി - 1 കിണർ<br>2. കൊയിലാണ്ടി ശുദ്ധജലവിതരണ പദ്ധതി - 1 കിണർ<br>3. കോമത്തുകര ശുദ്ധജല വിതരണ പദ്ധതി - 3 കിണറുകൾ<br>ഈ പദ്ധതിയുടെ ആദ്യത്തെ സ്രോതസ്സിൽ വെള്ളം കുറഞ്ഞതിനാൽ രണ്ടാമതൊരു കിണർ കുഴിക്കുകയും രണ്ടുകിണറുകളിലെയും ജലലഭ്യത പദ്ധതി പ്രദേശത്ത് തികയാതെ വന്നതിനാൽ മൂന്നാമതൊരു കിണർ കൂടി നിർമ്മിക്കുകയും ചെയ്തു. 3 കിണറുകളിൽ നിന്നും പമ്പിംഗ് നടന്നുവരുന്നു.<br>4. വരകുന്ന് ശുദ്ധജലവിതരണ പദ്ധതി -2 കിണറുകൾ<br>ഈ പദ്ധതിയുടെ 2 കിണറുകളിൽ നിന്നും നിലവിൽ പമ്പിംഗ് നടന്നുവരുന്നു.<br>5. കക്രാട്ട് കുന്ന് ശുദ്ധജലവിതരണപദ്ധതി - 1 കിണർ<br>6. മൂഴിക്കൽ മീത്തൽ ശുദ്ധജലവിതരണ പദ്ധതി - 2 കിണറുകൾ<br>മൂട്ടാടി പഞ്ചായത്ത്<br>1. മൊയിലൂർ കുന്ന് ശുദ്ധജല വിതരണ പദ്ധതി -1 കിണർ<br>2. വീരവഞ്ചേരി ശുദ്ധജല വിതരണ പദ്ധതി - 1 കിണർ<br>തിക്കോടി പഞ്ചായത്ത്<br>1. തിക്കോടി ശുദ്ധജലവിതരണ പദ്ധതി - 2 കിണറുകൾ<br>തിക്കോടി ശുദ്ധജലവിതരണ പദ്ധതിയുടെ രണ്ട് കിണറുകളിൽ ഒരു കിണറിലെ വെള്ളം ഉപയോഗശൂന്യമായതിനാൽ ഒരു കിണറിൽ നിന്നു മാത്രമാണ് പമ്പിംഗ് നടന്നുവരുന്നത്.<br>2. കിടഞ്ഞികുന്ന് ശുദ്ധജല വിതരണ പദ്ധതി - 1 കിണർ |

| | |
|---|---|
| | പയ്യോളി പഞ്ചായത്ത്<br>1. കോട്ടക്കുന്ന് ശുദ്ധജലവിതരണ പദ്ധതി - 1 കിണർ<br>2. കോട്ടത്തുരുത്തി ശുദ്ധജല വിതരണ പദ്ധതി - 1 കിണർ<br>3. പയ്യോളി ശുദ്ധജല വിതരണ പദ്ധതി - 2 കിണറുകൾ<br>ഈ പദ്ധതിയുടെ രണ്ട് കിണറുകളിൽ നിന്നും പമ്പിംഗ് നടന്നുവരുന്നു.<br>4. ഇരിങ്ങൽ മൂരാട് ശുദ്ധജലവിതരണ പദ്ധതി -1 കിണർ<br>ഈ പദ്ധതിയിലെ കിണറിലെ വെള്ളം ഉപയോഗ ശൂന്യമായതിനാൽ പദ്ധതി പ്രദേശത്തേക്കുള്ള ജലവിതരണം സമീപ പ്രദേശത്തുള്ള കോട്ടക്കുന്ന് ശുദ്ധജലവിതരണ പദ്ധതിയിൽ നിന്നുമാണ് നടന്നുവരുന്നത്.<br><br>കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ജലനിധി ഒന്നാംഘട്ട പദ്ധതിയിൽ ചേമൻചേരി & ചെങ്ങോട്ടുകാവ് എന്നീ ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതും അത് ഗുണഭോക്തൃസമിതിക്ക് കൈമാറിയിട്ടുള്ളതുമാണ്. ജലനിധിയുടെ നിയമാവലി അനുസരിച്ച് തുടർനടത്തിപ്പും പരിപാലനവും അതാത് ഗുണഭോക്തൃസമിതിക്കാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) അവയിൽ ഉപയോഗശൂന്യമായി കിടക്കുന്ന കിണറുകൾ/ജലവിതരണ സംവിധാനങ്ങൾ ഏതെല്ലാം ; അവ പുനരുദ്ധരിച്ച് ഉപയോഗപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; വിശദമായി വ്യക്തമാക്കുമോ; | (ബി) ഇരിങ്ങൽ മൂരാട് പദ്ധതിയുടെ കിണറും, തിക്കോടി പദ്ധതിയുടെ ഒരു കിണറും ഉപയോഗശൂന്യമാണ്. ഇരിങ്ങൽ മൂരാട് പദ്ധതിക്കുവേണ്ടി ഒരു പുതിയ കിണറിനും പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിനും 2013 ലെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി അംഗീകാരം ലഭ്യമായെങ്കിലും കിണർ നിർമ്മാണത്തിന് വേണ്ടിയുള്ള സ്ഥലം പഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് ലഭ്യമാക്കാത്തതിനാൽ പദ്ധതി റദ്ദ് ചെയ്യേണ്ടിവന്നു. |
| (സി) അവ പുനരുദ്ധരിക്കാൻ എന്തുതുക ചെലവ് വരുമെന്ന് വ്യക്തമാക്കുമോ? | (സി) ഇരിങ്ങൽ മൂരാട് ശുദ്ധജല വിതരണ പദ്ധതിക്കുവേണ്ടി ഒരു പുതിയ കിണറിനും പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിനുമായി 14 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. തിക്കോടി ശുദ്ധജല വിതരണ പദ്ധതിക്കുവേണ്ടി ഒരു പുതിയ കിണറിനും പുതിയ ടാങ്ക് നിർമ്മിക്കുന്നതിനും പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിനുമായി 50 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**